**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2606 | 18.08.2017-ൽ മറുപടിയ്ക്ക്

**ശംഖുമുഖം-വേളി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയിരുന്ന തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ ശംഖുമുഖം - വേളി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;<br>(ബി) പ്രസ്തുത പ്രവൃത്തി എത്രയുംവേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ;<br>(സി) പ്രവൃത്തി എപ്പോഴത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ), (ബി) & (സി) ശംഖുമുഖം - വേളി റോഡ് തീരദേശപാതയിൽ ഉൾപ്പെട്ടതാണ്. 10.07.2017-ലെ സ.ഉ. (സാധാ) നം. 942/2017/പൊ.മ.വ പ്രകാരം തീരദേശപാതയുടെ നിർമ്മാണത്തിന് കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 6500 കോടി രൂപയും, ശംഖുമുഖം - വേളി റോഡിന് 30 കോടി രൂപയും തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതും, പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരളാ റോഡ് ഫണ്ട് ബോർഡിനെ (KRFB) ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.<br>ശംഖുമുഖം - വേളി റോഡിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന് NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി-യ്ക്ക് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ